**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 672** **30-01-2024 - ൽ മറുപടിയ്ക്ക്**

**സ്വയം സംരംഭകർക്കായി സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ സ്വയം സംരംഭകർക്കായി വ്യവസായ വകുപ്പ് 2016-ന് ശേഷം നാളിതുവരെ നൽകിയ വിവിധ സഹായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | വയനാട് ജില്ലയിൽ സ്വയം സംരംഭകർക്കായി വ്യവസായ വകുപ്പ് വഴി 2016-ന് ശേഷം, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി,വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി, സംരംഭക സഹായ പദ്ധതി, സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി, ഒരു കുടുംബം,ഒരു സംരംഭം പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP), നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, Revival and rehabilitation scheme for defunct MSMEs and cashew processing units, The Kerala stressed MSMEs Revival & Rehabilitation Scheme എന്നീ ധന സഹായ പദ്ധതികൾ വഴി ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം സഹായങ്ങൾ നൽകിയ വകയിൽ ആകെ എത്ര രൂപ ചെലവഴിച്ചു എന്നും എത്ര സംരംഭകർക്ക് ഇത്തരത്തിൽ സഹായം ലഭിച്ചുവെന്നും വ്യക്തമാക്കാമോ? | (ബി) | കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി വഴി 2016-17 വർഷം മുതൽ 2022-23 വരെ 15 സംരംഭക യൂണിറ്റുകൾക്കായി ആകെ 7,54,713 രൂപയും, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി വഴി 2021-22 മുതൽ 2023-24 വരെ 57 സംരംഭക യൂണിറ്റുകൾക്കായി ആകെ 1,73,09,220 രൂപയും, വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി വഴി 2020-21 മുതൽ 2022-23 വരെ 90 സംരംഭക യൂണിറ്റുകൾക്കായി ആകെ 29,37,364 രൂപയും, സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയ്ക്കായുള്ള PFMME പദ്ധതി വഴി 2022-23 മുതൽ 2023-24 ഇതുവരെ 116 സംരംഭക യൂണിറ്റുകൾക്കായി ആകെ 3,23,22,333 രൂപയും, ഒരു കുടുംബം ഒരു സംരംഭം പദ്ധതി വഴി 2022-23 മുതൽ 2023-24 ഇതുവരെ 130 സംരംഭക യൂണിറ്റുകൾക്കായി ആകെ 21,04,419 രൂപയും, സംരംഭക സഹായ പദ്ധതി വഴി 2016-17 മുതൽ 2022-23 വരെ 278 സംരംഭക യൂണിറ്റുകൾക്കായി ആകെ 12,20,97,327 രൂപയും, പ്രധാനമന്ത്രിയുടെ |

| | | | |
|---|---|---|---|
| | | | തൊഴിൽ ദായക പദ്ധതി (PMEGP) വഴി 2016-17 മുതൽ 2023-24 ഇതുവരെ 485 സംരംഭക യൂണിറ്റുകൾക്കായി ആകെ 8,81,58,000 രൂപയും, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി വഴി 2016-17 മുതൽ 2022-23 വരെ 27 സംരംഭക യൂണിറ്റുകൾക്കായി ആകെ 4,04,368 രൂപയും, The Kerala Stressed MSME's Revival & Rehabilitation Scheme പദ്ധതി വഴി 2022-23 വർഷത്തിൽ ഒരു യൂണിറ്റിന് 1,52,795 രൂപയും, Revival and rehabilitation scheme for defunct MSME's and cashew processing units പദ്ധതി വഴി 2022-23 വർഷത്തിൽ 16 സംരംഭക യൂണിറ്റുകൾക്കായി ആകെ 57,06,996 രൂപയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ